കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് - 2016-17


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം:കെ.എസ്.എ./കെ.എൻ.ആർ./സി.4/1845/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ – 670001.
Email: doknr.ksad@kerala.gov.in
ഫോൺ : 04972-707698
തിയ്യതി: 20.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

.
പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് .

സർ,

വിഷയം: ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് 2016-17-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. [കേരള പഞ്ചായത്ത് രാജ് – (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15].

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക].

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം (ഇ-മെയിൽ വഴി).

2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, കണ്ണൂർ
3) കാര്യാലയ പ്രതി.

നം:കെ.എസ്.എ./കെ.എൻ.ആർ./സി.4/1845/2017 തീയ്യതി 20.11.2017

# കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർജില്ലയിലെ ഇരിക്കൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 3-11-2017 മുതൽ 9-11-2017 വരെ | ശ്രീമതി ലതവാണി എൻ.എൻ | ഓഡിറ്റ് ഓഫിസർ |
| | ശ്രീ. ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ബിസ്മി എസ്. നായർ | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ടി.വസന്തകുമാരി | 01.04.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.എ.ഉണ്ണികൃഷ്ണൻ | 1.4.2016 മുതൽ 14.6.2016 വരെ |
| | ശ്രീ.പി.രാമചന്ദ്രൻ | 15.6.2016 മുതൽ 22.6.2016 വരെ |
| | ശ്രീ.അബ്ദുൾ ജലീൽ.ഡി.വി | 23.6.2016 മുതൽ 3.9.2016 വരെ |
| | ശ്രീ.പി.രാമചന്ദ്രൻ | 4.9.2016 മുതൽ 31.3.2017 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് ,കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി ജമീല.കുന്നത്ത് | 1.4.2016 മുതൽ 31.3.2017 വരെ |
| സീനിയർവെറ്ററിനറി സർജ്ജൻ | ഡോ.അനിൽവർഗ്ഗീസ് | 1.4.2016 മുതൽ 31.3.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബീന.പി.വി | 1.4.2016 മുതൽ 29.8.16 F.N വരെ |
| | | 28.11.16 മുതൽ 31.3.17 വരെ |
| | ശ്രീമതി റാഹില.എം.വി | 29.8.16 മുതൽ 28.11.16 F.Nവരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.പി.ഉണ്ണികൃഷ്ണപ്പിള്ള | 1.4.16 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| സി ഡി പി ഒ ഇരിക്കൂർ | ശ്രീമതി രമണി.കെ.വി | 1.4.16 മുതൽ 23.5.16 F.N വരെ |
| | ശ്രീമതി സുജ ജേക്കബ് | 23.5.16 മുതൽ 13.12.16 F.N വരെ |
| | ശ്രീമതി അരുൺ രേണുകദേവി | 13.12.16 മുതൽ 5.1.17 F.N വരെ |
| | ശ്രീമതി നിർമ്മല.കെ | 5.1.17 മുതൽ 31.3.17 വരെ |
| സി ഡി പി ഒ ഇരിക്കൂർ(അഡീഷണൽ) | ശ്രീമതി അന്നമ്മ വർഗ്ഗീസ് | 1.4.16 മുതൽ 13.7.16 വരെ |
| | ശ്രീമതി രേണുക.എ.പി | 14.7.16 മുതൽ 3.1.17 വരെ |
| | ശ്രീമതി ലക്ഷ്മി കേളോത്ത് | 4.1.17 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ സി .എച്ച്.സി.മയ്യിൽ | ഡോ.ദിനേശൻ.കെ.എം | 1.4.2016 മുതൽ 29.7.2016 F.N വരെ |
| | ഡോ.ലിസ്സി.സി.എച്ച് | 29.7.2016 മുതൽ 13.12.2016 F.N വരെ |
| | ഡോ.അനിൽകുമാർ.ജി | 13.12.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ.രാഗേഷ്.പി | 1.4.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം

ഭാഗം1 പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പഞ്ചായത്ത് ഭരണസമിതി മിനട്ട്സ് പൂർത്തിയാക്കാത്തത് | 1-1 |
| 2 | ബജറ്റ് | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക | 1-3 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-4 |
| 5 | സാമ്പത്തിക വിശകലനം | 1-5 |
| 6 | ഫണ്ട് വിനിയോഗം | 1-6 |
| 7 | പദ്ധതി അവലോകനം. | 1-7 |
| 8 | തനത് വരുമാനം. | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |


ഭാഗം-II

വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | വാടക രജിസ്റ്റർ പൂർണ്ണമല്ല. | 2-1 |

ഭാഗം-III ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പത്രപ്പരസ്യം അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കാൻ ശ്രമിക്കേണ്ടതാണ് | 3-1 |
| 2 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കു ലാപ്ടോപ് വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 3-2 |
| 3 | മുൻകൂർ തുക നൽകിയത് ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നില്ല | 3-3 |
| 4 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി -50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 5 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത കാര്യങ്ങൾക്ക് തുക ചെലവഴിച്ചു | 3-5 |
| 6 | പദ്ധതി പൂർത്തീകരിച്ചതിന്റെ / വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് | 3-6 |
| 7 | ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ – അപാകങ്ങൾ | 3-7 |
| 8 | കരാർ കാലാവധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും നിശ്ചിത നിരക്കിൽ ഫൈൻ ഈടാക്കാത്തത് | 3-8 |

| | | |
|---|---|---|
| | | |

ഭാഗം-IV ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| | അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ്) | |
| | അനുബന്ധം -2 (റസീറ്റ് & പേയ്മെന്റ്) | |
| | അനുബന്ധം -3 (ഇൻകം & എക്സ്പെൻഡിച്ചർ) | |

| | | |
|---|---|---|
| | അനുബന്ധം -4 (ബാലൻസ് ഷീറ്റ്) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി മിനുട്ട്സ് രേഖപ്പെടുത്തൽ അപൂർണ്ണം

2016-17 ഓഡിറ്റുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി മിനുട്ട്സ് പരിശോധിച്ചപ്പോൾ മിനുട്ട്സിൽ 11.1.2017 വരെയുള്ള തീരുമാനങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അതിനുശേഷമുള്ള തീരുമാനങ്ങളൊന്നും മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മീറ്റിംഗ് നോട്ടീസ് പ്രകാരം 31.3.2017 വരെ ഇക്കാലയളവിൽ 27.1.2017, 4.2.2017, 28.2.2017, 16.3.2017, 25.3.2017, 31.3.2017 തീയ്യതികളിലായി 6 യോഗങ്ങൾ ചേർന്നിട്ടുണ്ട്.

മീറ്റിംഗ് നോട്ടീസ് പ്രകാരം മേൽ പറഞ്ഞ തീയതികളിൽ 2016-17 വാർഷീക പദ്ധതി അവലോകനം,2017-18 പദ്ധതി രൂപീകരണം ,കേന്ദ്രാവിഷ്കൃത പദ്ധതി അവലോകനം, 2017-18 ബജറ്റ് എന്നിവ അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ 2016-17 പുതുക്കിയ ബജറ്റ് അവതരിപ്പിച്ചിട്ടില്ല. 20.10.2016 മുതൽ 11.1.2017 വരെയുള്ള തീരുമാനങ്ങൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. മിനുട്ട്സ് പൂർണ്ണമായും രേഖപ്പെടുത്താത്തതിനാൽ ചെലവുകൾക്ക് അംഗീകാരം നൽകൽ, മരാമത്ത് പ്രവൃത്തി സംബന്ധിച്ച തീരുമാനങ്ങൾ, ഈകാലയളവുകളിൽ നടത്തിയ വാങ്ങലുകൾ എന്നിവയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈവിഷയം ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധയ്ക്ക് വിധേയമാക്കുന്നു. മിനുട്സ് രേഖപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. മിനുട്സ് അടിയന്തിരമായി കാലികമാക്കേണ്ടതും തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി മിനുട്സ് യഥാസമയം എഴുതേണ്ടതുമാണ്.

## 1-2 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പർ, തീയതി

| | ബജറ്റ് | അംഗീകരിച്ച തീരുമാനം നമ്പർ. & തീയതി |
|---|---|---|
| മുന്നിരിപ്പ് | ഇല്ല | No.18/16 |

| | | |
|---|---|---|
| | | |
| വരവ് | 208856526 | dt.29-02-2016 |
| ആകെ | 208856526 | |
| ചെലവ് | 206587726 | |
| നീക്കിയിരിപ്പ് | 2268800 | |

## 1-3 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 4.7.2017 | തിരിച്ചയച്ചിട്ടില്ല | - തിരിച്ചയച്ചിട്ടില്ല |

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന്കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-17 | 9.11.2017 | ഇതേ റിപ്പോർട്ട് നം & തീയതി | വിശേഷണങ്ങളോട് കൂടിയത് |

വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.)നിർവ്വഹണ ഉദ്യോഗസ്ഥനായ എഞ്ചിനീയർ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നീടാക്കിയ വാറ്റ്, നിർമ്മാണ ക്ഷേമനിധി,ഇൻകം ടാക്സ് എന്നീ ഇനങ്ങളിലുള്ള തുകകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.)കൈമാറി കിട്ടിയ സ്ഥാപനങ്ങളടക്കമുള്ളവയുടെ ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി മൂല്യം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.)തൻ വർഷം ഡെപ്പോസിറ്റ് രജിസ്റ്റർ വർഷാന്ത്യ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

4) 26.07.2011 ലെ ജി.ഒ(എം.എസ് )152/11 ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തികൾ അപ്ഡേറ്റ് ചെയ്തിട്ടില്ല .

5)B14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്ക് ഇനത്തിൽ 258070-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. കൃത്യത പരിശോധിക്കുവാൻ അനുബന്ധരേഖകളും രജിസ്റ്ററുകളും ലഭ്യമായിട്ടില്ല.

6)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം മുൻകൂർ ഇനത്തിൽ 30803രൂപ ക്രമീകരിക്കാൻ ബാക്കിയുണ്ട് എന്നാൽ ഇതിന്റെ ആധികാരികത പരിശോധിക്കാൻ ആവശ്യമായ അഡ്വാൻസ് രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല

7) ബാലൻസ് ഷീറ്റ് B-7പ്രകാരം വിവിധ ഇനങ്ങളിൽ 12,12,958 രൂപ ഡെപോസിറ്റ് ഉണ്ട് എന്നാൽ ഇതിന്റെ ആധികാരികത പരിശോധിക്കാൻ ആവശ്യമായ ഡെപ്പോസിറ്റ് രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല

8) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻ വർഷം ലഭിച്ച തുക അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല. ലഭിച്ച തുകയേക്കാൾ കൂടുതലാണ് അക്കൗണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

9) ബാലൻസ് ഷീറ്റ് അനുബന്ധം B-4 പ്രകാരം വിവിധ ഇനങ്ങളിൽ 4,99,95,674 രൂപ പ്രത്യേക ആവശ്യങ്ങൾക്കായുള്ള ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാൻ ബാക്കി ഉണ്ട് എന്നാൽ ഇതിന്റെ ആധികാരികത പരിശോധിക്കാൻ ആവശ്യമായ രജിസ്റ്ററുകൾ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല .

10) വായ്പ നീക്കിയിരിപ്പ് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

## 1-5 ധനകാര്യവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6,44,12,384 |
| വരവ് | 8,93,25,004 |
| ആകെ | 15,37,37,388 |

| | |
|---|---|
| ചെലവ് | 9,75,00,654 |
| നീക്കിയിരിപ്പ് | 5,62,36,734 |

## 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ആകെ | ചെലവ് തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3,69,40,332 | 3,69,40,332 | 2,43,32,056 | 1,26,08,276 | 65.86% |
| വികസന ഫണ്ട്(എസ്.സി.പി) | 71,05,320 | 71,05,320 | 51,45,509 | 19,59,811 | 72.41% |
| വികസനഫണ്ട് (ടി.എസ്.പി) | 15,06,033 | 15,06,033 | 12,30,000 | 2,76,033 | 81.67% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 57,44,892 | 57,44,892 | 39,21,990 | 18,22,902 | 68.26% |

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | ചെലവ് തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 2016-17 | 89 | 8,63,75,432 | 60 | 28 | 32 | 3,65,48,631 | 29 | 35.95% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | ചെലവ് തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 19 | 37167087 | 14 | 21247285 | 57.17 |
| കൃഷിഅസിസ്റ്റന്റ് ഡയറക്ടർ | 4 | 4789253 | 4 | 1241078 | 25.91 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 3441689 | 1 | 1101510 | 32.00 |
| പട്ടിക ജാതി വികസന ഓഫീസർ | 8 | 2698427 | 6 | 1223077 | 45.32 |
| സി ഡി പി ഒ ഇരിക്കൂർ | 8 | 2661584 | 6 | 1899818 | 71.38 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി.മയ്യിൽ | 4 | 750000 | 3 | 441078 | 58.81 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 44 | 34797500 | 25 | 9327426 | 26.8 |

| | | | | | |
|---|---|---|---|---|---|
| സീനിയർ വെറ്ററിനറി സർജ്ജൻ | 1 | 69892 | 1 | 67359 | 96.38 |
| | 89 | 86375432 | 60 | 36548631 | 42.31 |

## 1-8 തനത് വരുമാനം.

തനതു വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 16.32 %കുറവ് വന്നിട്ടുണ്ട്

| ഇനം | മുൻവർഷം 2015-16 | തൻവർഷം 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 15,76,350 | 13,18,984 | 257366 | (-)16.32 |
| ആകെ | 15,76,350 | 13,18,984 | 257366 | (-)16.32 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.9.2017 | 2015 - 16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2015 | 2013 - 14 | 22.5.2015 |

| | | | |
|---|---|---|---|

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.11.2017 തീയതിയിൽ 11am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. തുക നീക്കിയിരിപ്പില്ലാത്തത് പരിശോധിച്ച് ബോധ്യപ്പെട്ടു.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക രജിസ്റ്റർ പൂർണ്ണമല്ല

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ പൂർണ്ണമല്ല. 2016-17 വർഷം സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വാടകയ്ക്ക് നൽകുന്ന റൂമുകളുടെ നമ്പർ, വാടകക്കാരന്റെ വിവരങ്ങൾ, എഗ്രിമെന്റ് കാലാവധി, മാസ വാടക, വാടക വർദ്ധിപ്പിക്കേണ്ട അടുത്ത തിയ്യതി; വാടക ഒടുക്കുമ്പോൾ ഒടുക്കിയ തുക, തിയ്യതി, രസീത് നമ്പർ മുതലായവ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ വർഷാവസാനം സംക്ഷിപ്തം എഴുതി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ നടത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പത്രപ്പരസ്യം അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കാൻ ശ്രമിക്കേണ്ടതാണ്

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ (പി)1/13/I &PRD നമ്പർ ഉത്തരവ്, 10.9.2014-ലെ ജി.ഒ(ആർ.ടി)288/14/I&PRDനം ഉത്തരവ് എന്നിവ പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഏജൻസി മുഖേന പത്രപ്പരസ്യങ്ങൾ നൽകിയതിനാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പരസ്യം നൽകിയ പത്രം | നൽകിയ തുക | ബിൽ നം/ തീയതി |
|---|---|---|
| മാതൃഭൂമി | 9400 | 21/16-17//27-12-16 |
| ദേശാഭിമാനി | 5120 | 21/16-17//27-12-16 |

| | | |
|---|---|---|
| മാതൃഭൂമി | 16650 | 26/16-17//23-02-17 |
| ദേശാഭിമാനി | 12800 | 26/16-17//23-02-17 |
| ദേശാഭിമാനി | 5120 | 29/16-17//02-03-17 |
| മാതൃഭൂമി | 12890 | 36/16-17//18-03-17 |
| ദേശാഭിമാനി | 8960 | 36/16-17//18-03-1 |
| മാതൃഭൂമി | 7250 | 40/16-17//22-03-17 |
| ദേശാഭിമാനി | 3840 | 40/16-17//22-03-17 |
| ദേശാഭിമാനി | 13664 | 41/16-17//31-03-17 |
| ആകെ | 95694 | |

ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ 14354/ രൂപ (95694x15%) പരസ്യച്ചെലവിനത്തിൽ മിച്ചം വയ്ക്കാമായിരുന്നു. ഡിസ്കൗണ്ട് ആനുകൂല്യം ലഭ്യമാക്കാത്തത് സംബന്ധിച്ച 09-11-2017 തീയതിയിൽ നൽകിയ നം 14 ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## **3-2** ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കു ലാപ്ടോപ് വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കു ലാപ്ടോപ് വാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | 99/2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹50000 (തനത് ഫണ്ട് ) |

| | |
|---|---|
| ചെലവ് RTGS നമ്പർ/തിയ്യതി തുക | 10622324516തിയ്യതി.30-03-2017 ₹46500 |
| ഇൻവോയ്സ് നം തീയതി | 2872/13-03-2017 |

പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെൽട്രോണിന് അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തിരം തുക നൽകിയിട്ടുണ്ട് ലാപ് ടോപ് കെൽട്രോൺ മുഖാന്തിരം നേരിട്ടാണ് വാങ്ങിയിട്ടുള്ളത് എങ്കിലും താഴെ പറയുന്ന അപാകങ്ങൾ കാണുന്നു കെൽട്രോൺ 15-02-2017ന്റെ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ACER LAPTOP WITH WINDOWS-8 ലാപ്ടോപ്പിന് 40000രൂപയും ACER LAPTOP WITH WINDOWS-8 PRO ലാപ്ടോപ്പിന് 46500 രൂപയും ആണ് ക്വാട്ട് ചെയ്തത്. ഹാർഡ്‌വെയർ കോൺഫിഗറേഷനിൽ യാതൊരു മാറ്റവും വരുത്താതെ സോഫ്റ്റ്‌വെയർ കോൺഫിഗറേഷനിൽ മാത്രം മാറ്റം വരുത്തിയിട്ടുള്ള രണ്ടാമത്തെ കോൺഫിഗറേഷനാണ് പഞ്ചായത്ത് സെലക്ട് ചെയ്തത്. ACER LAPTOP WITH WINDOWS-ന്റെ പകരം ACER LAPTOP WITH WINDOWS-8 PRO സെലക്ട് ചെയ്തപ്പോൾ 6500രൂപയുടെ അധികച്ചെലവ് ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. WINDOWS-8 PRO സോഫ്റ്റ്‌വെയർ ഹൈ എൻഡ് ടെക്നിക്കൽ ജോലികൾക്ക് വേണ്ടി മാത്രം ആവശ്യമുള്ള സാഹചര്യത്തിൽ ഈ കോൺഫിഗറേഷൻ വാങ്ങിയത് ഉചിതമല്ല. ഭാവിയിൽ ഇത്തരം വാങ്ങലുകൾ ശ്രദ്ധാപൂർവ്വം മാത്രം നടത്തേണ്ടതും പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് വന്നതിന് വിശദീകരണം നടത്തേണ്ടതും ഭാവിയിൽ പൊതുപണം കരുതലോടെ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-3 മുൻകൂർ തുക നൽകിയത് ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 99 പ്രകാരം, താൽക്കാലിക അഡ്വാൻസുകൾ, വർക്ക് അഡ്വാൻസുകൾ എന്നിവ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ വിവിധ ആവശ്യങ്ങൾക്ക് നൽകിയ മുൻകൂറുകളിൽ വാർഷിക കണക്ക് പ്രകാരം 30803 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.മുൻകൂർ രജിസ്റ്റർ എഴുതി പൂർത്തീകരിക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല വാർഷികക്കണക്കിലെയും രജിസ്റ്ററിലെ കണക്കിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല. ആയത് കൃത്യമാക്കേണ്ടതാണ്.

വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലെ 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. ക്രമീകരിക്കാത്ത മുൻകൂറുകൾ ശമ്പളബില്ലിൽ നിന്നും ഈടാക്കുകയോ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുകയോ ചെയ്യുവാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012 ൽ നിർദ്ദേശിക്കുന്നുണ്ട്. അഡ്വാൻസ് തുകകൾ യഥാസമയം ക്രമീകരിക്കാതിരുന്നവരിൽ നിന്നും തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നത് ബന്ധപ്പെട്ട സെക്ഷന്റെയും

സെക്രട്ടറിയുടെയും വീഴ്ചയായി വിലയിരുത്തുന്നു. ന്യൂനത ആവർത്തിക്കുന്നതിൽ നിന്നും ഈ വിഷയം നഗരസഭ ഗൗരവത്തോടെ എടുക്കുന്നില്ല എന്ന് ബോധ്യമാകുന്നു.

2016-17-ൽ നല്കിയ മുൻകൂറുകൾ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുള്ളപക്ഷം കാലതാമസത്തിന് പലിശ ഈടാക്കി ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം മുൻകൂർ തുക പലിശ സഹിതം ഈടാക്കുകയും ചെയ്ത് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ഇത് സംബന്ധിച്ച 09-11-2017 തീയതിയിൽ നൽകിയ നം 13 ഓഡിറ്റ് എൻക്വയറിക്ക ഓഡിറ്റ് സമയത്തു മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി -50000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസനഓഫീസർ,<br>ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്. | |
| പ്രോജക്ട് | അടങ്കൽ | ചെലവ്/ബിൽ |
| പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി | 1900000<br>(എസ് സിപി) | 600000 (എസ് സിപി)<br>4/16-17//24-11-16 |

മേൽ പദ്ധതി പ്രകാരം 12 ഗുണഭോക്താക്കൾക്ക് 50000രൂപ വീതം ആകെ 600000 രൂപ വിതരണം ചെയ്യുന്നതിനായി ട്രഷറിയിൽ നിന്നും പിൻവലിച്ച തുകയിൽ 550000 രൂപ മാത്രമേ നാളിതുവരെ വിതരണം ചെയ്തിട്ടുള്ളു .ശ്രീ കെ പി പവിത്രൻ പണ്ടാര വളപ്പിൽ പാവന്നൂർ എന്ന ഗുണഭോക്താവിനു വിതരണം ചെയ്യാതെ ബാക്കി വച്ച തുകയുടെ (50000രൂപ) വിശദശാംശങ്ങൾ ആവശ്യപ്പെട്ടു 09-11-2017 തീയതിയിൽ നൽകിയ നം 11 ഓഡിറ്റ് എൻക്വയറിക്ക സെക്രട്ടറി ഓഡിറ്റ് സമയത്തു മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താവിന് ലഭ്യമാക്കാതെ, പണം മുൻകൂട്ടി പിൻവലിച്ച് ചെലവ് ചെയ്യുകയും. വർഷാവസാനം കഴിഞ്ഞിട്ടും തുക സഞ്ചിത നിധിയിൽ തിരിച്ചടക്കുകയും ചെയ്തിട്ടില്ലാത്തതിനാൽ 50000 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണം നൽകാത്തപക്ഷം തുക പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്.

## 3-5 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത കാര്യങ്ങൾക്ക് തുക ചെലവഴിച്ചു

(A)-പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷത്തിൽ താഴെ പറയും പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത കാര്യങ്ങൾക്ക് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ചെലവ്/ബിൽ |
|---|---|---|
| മുല്ലക്കൊടി കോളനി സാംസ്കാരിക നിലയം ഫർണിച്ചർ | 132450 (എസ് സിപി) | 132450 (എസ് സിപി) 5,6/16-17 //24-11-17,15-03-17 |
| ചട്ടുകപ്പാറ വനിതാ വ്യവസായ കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ | 185136 (എസ് സിപി) | 180640 (എസ് സിപി) 4/16-17//24-11-16 |
| പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി | 1900000 (എസ് സിപി) | 600000 (എസ് സിപി) 4/16-17//24-11-16 |
| പടപ്പക്കരി വയോജന വിശ്രമ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ | 107106 (എസ് സിപി | 107106 (എസ് സിപി) 1/16-17//27-11-16 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172 വകുപ്പ് നാലാം പട്ടിക പ്രകാരം പ്രീ മെട്രിക് ഹോസ്റ്റലുകൾ നടത്തുക പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക എന്നിവ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽ പെടുന്നത്. ഇത് സംബന്ധിച്ച 09-11-2017 തീയതിയിൽ നൽകിയ നം 10 ഓഡിറ്റ് എൻക്വയറിക്ക സെക്രട്ടറി ഓഡിറ്റ് സമയത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം പദ്ധതി നടപ്പിലാക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതും ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്.

<u>(B)കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷത്തിൽ താഴെ പറയും പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത കാര്യങ്ങൾക്ക് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.</u>

| പ്രോജക്റ്റിന്റെ പേര് | പയർ വർഗ്ഗ വികസനം | പച്ചക്കറി കൃഷി വികസന പദ്ധതി |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | 59/2017 | 26/2016-17 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
|---|---|---|
| അടങ്കൽ | ₹100000<br>(വികസന ഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം) | ₹1555169<br>(വികസന ഫണ്ട്-പൊതുവിഭാഗം-സാധാരണ വിഹിതം)<br>ഗുണഭോക്തൃ വിഹിതം :2210650 |
| ചെലവ്<br>ബിൽനമ്പർ/തിയ്യതി തുക | 1/16-17 തിയ്യതി.22-03-2017<br>₹23625 | 2/16-17 തിയ്യതി.31-03-2017<br>₹622812<br>3/16-17 തിയ്യതി.31-03-2017<br>₹128719 |

59/201നം പദ്ധതി പ്രകാരം ഉഴുന്ന്, ചെറുപയർ വിത്ത് എന്നിവ വിവിധ പഞ്ചായത്തുകളിൽ പെട്ട പാടശേഖര സമിതികൾ, നെൽ കർഷക സമിതികൾ നേരിട്ട് RAIDCO വിൽ നിന്നും വാങ്ങി ഉപയോഗിച്ചിരുന്നു. ഇതിന്റെ ചെലവ് 75% സബ്സിഡി നിരക്കിൽ തുക വകയിരുത്തി RAIDCOയ്ക്ക് നൽകി

കൂടാതെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ മേൽ പദ്ധതി യിൽ ( 26/16-17) ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ പെട്ട 8 പഞ്ചായത്തുകളിലെയും കർഷകർക്ക് സബ്സിഡി നൽകുകയായിരുന്നു ലക്ഷ്യം.ഇതിനായി താഴെ കാണും പ്രകാരം ഓരോ പഞ്ചായത്തിനും തുക കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | പഞ്ചായത്ത് | തുക |
|---|---|---|
| 1 | പടിയൂർ | 43500 |
| 2 | ഇരിക്കൂർ | 3612 |
| 3 | മയ്യിൽ | 106600 |
| 4 | കുറ്റ്യാട്ടൂർ | 512500 |
| 5 | ഏരുവേശ്ശി | 8650 |

| | | |
|---|---|---|
| 6 | ഉളിക്കൽ | 18250 |
| 7 | പയ്യാവൂർ | 14800 |
| 8 | മലപ്പട്ടം | 41300 |
| ആകെ | | 7,49,212<br>(ബാക്കി 2319 രൂപ ഓഫീസ് ചെലവിനായി നൽകിയത്) |

പ്രോജക്ട് ലക്ഷ്യം പൂർത്തീകരിക്കുന്നതാണെങ്കിലും 12ാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 4 പ്രകാരം പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി നിയമപ്രകാരം തദ്ദേശ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിൽ ഉള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. എന്നാൽ മാർഗ്ഗരേഖ പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ടിട്ടുള്ളവ ചെയ്യാവുന്നതുമാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് 172 വകുപ്പ് 1ാം ഉപവകുപ്പ് പട്ടിക 4 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കാർഷിക മേഖലയിലെ ചുമതലകൾ 1) ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക . 2)ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കാവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക. 3) കാർഷിക പ്രദർശനങ്ങൾ നടത്തുക. 4)ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നിർമ്മിതികൾ പരിപാലിക്കുക. 5) കാർഷിക വായ്പ സ്വരൂപിക്കുക. 6)പട്ടു നൂൽ കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ്. മേൽ ചുമതലകളിൽ പെടാത്ത ഇനങ്ങൾക്കായാണ് തൻവർഷം പ്രോജക്ട് നടപ്പാക്കിയത്. ബ്ളോക്ക് പഞ്ചായത്തിന്റ ചുമതലകളിൽപെട്ട ഇനങ്ങൾക്ക് മാത്രമേ പ്രോജക്ടുകൾ നടപ്പാക്കാൻ പാടുള്ളൂ. അല്ലാത്തവ സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഏറ്റെടുത്ത് നടപ്പാക്കാൻ പാടുള്ളൂ. ഇത് സംബന്ധിച്ച 09-11-2017 തീയതിയിൽ നൽകിയ നം.12 ഓഡിറ്റ് എൻക്വയറിക്ക സെക്രട്ടറി മറുപടി ഓഡിറ്റ് സമയത്തു ലഭ്യമാക്കിയിട്ടില്ല. ആയത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

5(C)- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷത്തിൽ താഴെ പറയും പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത കാര്യങ്ങൾക്ക് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | കെട്ടിടം | ചെയ്ത പ്രവൃത്തി | ചെലവ് | ബിൽ നം &തീയതി |
|---|---|---|---|---|
| 1 | മുല്ലക്കൊടി എസ് സി കോളനി സാംസ്കാരിക നിലയം | വയറിംഗ് പ്രവൃത്തി | 69,567 | 11/16-17<br>23.3.17 |

| | | | | |
|---|---|---|---|---|
| 2 | എരുവേശ്ശി എസ് ജി എസ് വൈ കെട്ടിടം | സർവ്വീസ് കണക്ഷൻ | 3,700 | 22/16-17 തീയതി 30.3.2017 |
| 3 | പടപ്പക്കരി വയോജന വിശ്രമ കേന്ദ്രം | സർവ്വീസ് കണക്ഷൻ | 3,175 | 2300രൂ. = 4/28.10.16 875രൂ. = 5/30.11.16 |
| 4 | ഇരിക്കൂർ സി എച്ച് സി | വയറിംഗ് പ്രവൃത്തി | 1,39,455 | 13/30.3.2017 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172 – വകുപ്പ് (1-ാം) ഉപവകുപ്പ് നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് മാത്രമേ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളൂ.

യാതൊരു ഗൃഹപാഠവും ചെയ്യാതെ എങ്ങിനെയെങ്കിലും പദ്ധതി ചെലവ് വരുത്തുക എന്ന ലക്ഷ്യത്തോടെ പദ്ധതി നടപ്പാക്കുന്നത് തികഞ്ഞ ഉത്തരവാദിത്തമില്ലായ്മ വെളിവാക്കുന്നു. ത്രിതലപഞ്ചായത്ത് വ്യവസ്ഥ പാലിക്കാതെ തലം മാറി ചെയ്യുന്നത് പദ്ധതി നിർവ്വഹണത്തിൽ ഇരട്ടിപ്പിന് സാധ്യത കൂടുതലായതിനാൽ നിയമം അനുശാസിക്കും രീതിയിൽ പ്രവൃത്തി നടപ്പിലാക്കേണ്ടതാണ്. ഭാവിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത ഇത്തരംകാര്യങ്ങൾക്ക് പദ്ധതി ആവിഷ്കരിച്ച് പദ്ധതി പണം ചെലവഴിക്കുന്ന പ്രവണത തീർത്തും ഒഴിവാക്കേണ്ടതാണ്. ഇക്കാര്യം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു

## 3-6 പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക്

വേണ്ടി ചെലവഴിച്ച തുക പൂർത്തീകരിച്ചതിന്റെ / വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

6(A)അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയപ്രോജക്ടുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്രമ നം | പ്രോജക്ട് & പ്രോജക്ട് നം | അടങ്കൽ | ചെലവ് | ബിൽ നം &തീയതി | തുക നൽകിയത് |
|---|---|---|---|---|---|---|
| അസി. എക്സി. എഞ്ചിനീയർ | 1 | ബ്ലോക്ക് ഓഫീസ് കോംപൗണ്ടിലെ ഇലക്ട്രിക് പോസ്റ്റ് | 46,299 (തനത് ഫണ്ട്) | 46,299 | ചെക്ക് നം 1529158 5.1.2017 | അസി. എക്സി. എഞ്ചിനീയർ |

| | | | | | |
|---|---|---|---|---|---|
| | മാറ്റൽ-31/17 | | | -42436& ചെക്ക് നം 1529190 9.3.2017- 3863 | ഇരിക്കൂർ കെ എസ് ഇ ബി |
| 2 | നെടിയോടി വയോജന വിശ്രമകേന്ദ്രം വയറിംഗ് 30/17 | 15,000 (വികസന ഫണ്ട്) | 5,700 | 7/25.2.2017 | അസി. എക്സി. എഞ്ചിനീയർ ഇരിട്ടി കെ എസ് ഇ ബി |
| 3 | എരുവേശ്ശി SGSY കെട്ടിടം വയറിംഗ് 25/17 | 16,177 (വികസന ഫണ്ട്) | 3,700 | 22/ 30.3.2017 | അസി. എക്സി. എഞ്ചിനീയർ ചെമ്പേരി കെ എസ് ഇ ബി |
| 4 | മലപ്പട്ടം പടപ്പക്കരി വിശ്രമകേന്ദ്രം കെട്ടിടം വയറിംഗ് സർവ്വീസ് കണക്ഷൻ എടുക്കൽ 24/17 | 18,482 (എസ് സി പി) | 3175 | 4/28.10.2016- 2300& 5/30.11.2016 – 875 | അസി. എക്സി. എഞ്ചിനീയർ ഇരിക്കൂർ കെ എസ് ഇ ബി |
